ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 08.05.2026** പ്രധാന **TIME : 12.30**

- കൈക്കൊളുന്നതിനുള്ള ചർച്ചകൾ കേന്ദ്ര - സംസ്ഥാന തലങ്ങളിൽ പുരോഗമിക്കുന്നു. എഐസിസി നിരീക്ഷകരുടെ യു ഡി എഫ് അംഗങ്ങളുമായുള്ള ചർച്ചകൾ പൂർത്തിയായി.
- തമിഴ്നാട്ടിൽ കേവല ഭൂരിപക്ഷം ഉറപ്പാക്കാനുള്ള ടി വി കെയുടെ ശ്രമങ്ങളിൽ അനിശ്ചിതത്വം തുടരുന്നു. VCK, CPI, CPI(M) എംഎൽഎമാരുടെ നിർണായക യോഗം ഇന്ന്.
- രാജ്യത്ത് നവീകരിച്ച പാസഞ്ചർ റിസർവേഷൻ സംവിധാനം ഓഗസ്റ്റിൽ നിലവിൽ വരുമെന്ന് റെയിൽവേ മന്ത്രാലയം. പരിഷ്കരിക്കുന്നത് 40 വർഷം പഴക്കമുള്ള റിസർവേഷൻ സംവിധാനം.
- മാനവികതയിൽ ഐക്യം എന്ന സന്ദേശവുമായി ഇന്ന് അന്താരാഷ്ട്ര റെഡ് ക്രോസ് ദിനം.
- കടുത്ത വേനലിൽ ആശ്വാസമായി സംസ്ഥാനത്ത് പരക്കെ മഴ. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
- ഐഎസ്എൽ ഫുട്ബോളിൽ സ്പോർട്ടിംഗ് ഡൽഹി ഇന്ന് ഒഡീഷ FC യെ നേരിടും.

*********************************************

സംസ്ഥാന - മന്ത്രിസഭ

കേരളത്തിന്റെ പുതിയ മുഖ്യമന്ത്രിയെ സംബന്ധിച്ച തീരുമാനം ഈ ആഴ്ച തന്നെയുണ്ടാകുമെന്നാണ് പ്രതീക്ഷ. ഇത് സംബന്ധിച്ച ചർച്ചകൾ കേന്ദ്ര - സംസ്ഥാന തലങ്ങളിൽ പുരോഗമിക്കുകയാണ്. പുതിയ കക്ഷി നേതാവിനെ തെരഞ്ഞെടുക്കാൻ എഐസിസി

പ്രസിഡണ്ടിനെ ചുമതലപ്പെടുത്തി കൊണ്ടുള്ള പ്രമേയം തിരുവനന്തപുരത്ത് നടന്ന കോൺഗ്രസ് നിയമസഭാ കക്ഷി യോഗം പാസാക്കിയിരുന്നു. കോൺഗ്രസ് നിയമസഭാ കക്ഷി യോഗത്തിനായി അഖിലേന്ത്യാ നേതൃത്വം നിയോഗിച്ചിരുന്ന നിരീക്ഷകർ നിയുക്ത യു ഡി എഫ് എം.എൽ.എമാരുമായി ചർച്ച നടത്തിയ ശേഷം ഡൽഹിക്ക് മടങ്ങിയിട്ടുണ്ട്. കോൺഗ്രസ് അഖിലേന്ത്യാ നേതൃത്വത്തിന് ഇവർ നൽകുന്ന റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിലാകും പുതിയ നിയമസഭാ കക്ഷി നേതാവിനെ പ്രഖ്യാപിക്കുന്നത്.

*******************************

## തമിഴ്നാട് മന്ത്രിസഭ

തമിഴ്നാട്ടിൽ സർക്കാർ രൂപീകരണം സംബന്ധിച്ച അനിശ്ചിതത്വം തുടരുകയാണ്. സർക്കാർ രൂപീകരണത്തിന് അനുമതി തേടി തമിഴ് വെട്രി കഴകം അധ്യക്ഷൻ വിജയ് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുമായി ഇന്നലെ വീണ്ടും കൂടിക്കാഴ്ച നടത്തി. എന്നാൽ കേവല ഭൂരിപക്ഷം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ ടിവികെ-യ്ക്ക് സാധിച്ചില്ല. 118 എംഎൽഎ മാരുടെ പിന്തുണയാണ് ഭൂരിപക്ഷത്തിന് വേണ്ടത്. 108 സീറ്റിൽ വിജയിച്ച ടി.വി.കെ യ്ക്ക് കോൺഗ്രസിന്റെ 5 എംഎൽഎമാർ പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. ടി.വി.കെ-യെ പിന്തുണയ്ക്കണോ എന്ന കാര്യത്തിൽ സിപിഐ, സിപിഎം, വിസികെ എന്നീ പാർട്ടികൾ ഇന്ന് നിയമസഭ കക്ഷി യോഗം ചേർന്ന് തീരുമാനമെടുക്കും. ഡിഎംകെയുടെയും, AIADMK യുടെയും നിയമസഭ കക്ഷി യോഗങ്ങൾ ഇന്നലെ ചേർന്നിരുന്നു.

*******************************

## അമിത് ഷാ - പശ്ചിമബംഗാൾ

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് കൊൽക്കത്തയിൽ എത്തി. നിയുക്ത ബിജെപി എംഎൽഎമാരുടെ യോഗത്തിൽ അദ്ദേഹം പങ്കെടുക്കും. പുതിയ നിയമസഭാ കക്ഷി നേതാവിനെ യോഗത്തിൽ തിരഞ്ഞെടുക്കും. നാളെ കൊൽക്കത്തയിലെ ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിൽ നടക്കുന്ന സത്യപ്രതിജ്ഞാ ചടങ്ങിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, മുതിർന്ന ബിജെപി നേതാക്കൾ, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള മുഖ്യമന്ത്രിമാർ എന്നിവർ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കും. അതെസമയം, പശ്ചിമ

ബംഗാൾ നിയമസഭ പിരിച്ചുവിട്ട് ഗവർണർ ആർ. എൻ രവി വിജ്ഞാപനമിറക്കി. നിയമസഭയുടെ കാലാവധി പൂർത്തിയായതിനെ തുടർന്നാണ് നടപടി.

*******************************

**അസം - സത്യപ്രതിജ്ഞ**

അസമിൽ ബി ജെ പി നേതൃത്വം നൽകുന്ന എൻ ഡി എ സർക്കാർ തുടർച്ചയായ മൂന്നാം തവണയും അധികാരത്തിലെത്തും. ചൊവ്വാഴ്ചയാണ് സത്യപ്രതിജ്ഞ. മുതിർന്ന ബി ജെ പി നേതാക്കൾ ഇന്നലെ ഗുവാഹത്തിയിൽ ഉന്നതതല യോഗം ചേർന്ന് സത്യപ്രതിജ്ഞാ ചടങ്ങുകൾക്കുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തി. വെറ്റിനറി കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി മുഖ്യാതിഥിയായി പങ്കെടുക്കും. ബി ജെ പി നിയമസഭാ കക്ഷി യോഗം ഞായറാഴ്ച ചേരും.

*******************************

**ഓൺലൈൻ ഗെയിമിംഗ് ഇ.ഡി.**

ഓൺലൈൻ ഗെയിമിംഗ് പ്ലാറ്റ്ഫോമുകൾ വഴി സാമ്പത്തിക തട്ടിപ്പ് നടത്തിയെന്ന പരാതിയിൽ ഗെയിംസ്ക്രാഫ്റ്റ് ടെക്നോളജീസ് ലിമിറ്റഡിനെതിരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നടപടി ശക്തമാക്കി. കമ്പനിയുടെ മൂന്ന് സ്ഥാപകരെ ഇ.ഡി അറസ്റ്റ് ചെയ്തു. ഓൺലൈൻ ഗെയിമിംഗിലൂടെ ലക്ഷക്കണക്കിന് രൂപ നഷ്ടപ്പെട്ടതിനെ തുടർന്ന് ഇരകൾ ആത്മഹത്യ ചെയ്ത സംഭവങ്ങളിൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറുകളുടെ അടിസ്ഥാനത്തിലാണ് കേസെടുത്തത്. കർണാടക, ഡൽഹി എൻ.സി.ആർ എന്നിവിടങ്ങളിലെ 17 കേന്ദ്രങ്ങളിൽ ഒരേസമയം നടത്തിയ റെയ്ഡിൽ തട്ടിപ്പുമായി ബന്ധപ്പെട്ട നിർണ്ണായക രേഖകൾ പിടിച്ചെടുത്തു.

*******************************

**ആകാശവാണി - മാരത്തോൺ**

ആകാശവാണിയുടെ 90-ാം വാർഷികത്തോടനുബന്ധിച്ച് ഇന്ന് ന്യൂഡൽഹിയിൽ മാരത്തൺ സംഘടിപ്പിച്ചു. ഏകദേശം 3.5 കിലോമീറ്റർ ദൈർഘ്യമുള്ള മാരത്തൺ ആകാശവാണി ഭവനിൽ നിന്നാണ് ആരംഭിച്ചത്. 1936 ൽ സ്ഥാപിതമായ ആകാശവാണി

രാജ്യത്തെ ഏറ്റവും വിശ്വസനീയമായ പ്രക്ഷേപണ പ്ലാറ്റ്ഫോമുകളിൽ ഒന്നായി ഇപ്പോഴും തുടരുന്നു.

*******************************

**ആകാശവാണി-കണ്ണൂർ** (ഇൻട്രോ)

കണ്ണൂർ ആകാശവാണി നിലയം പ്രവർത്തനമാരംഭിച്ച് ഇന്ന് 35 വർഷം പൂർത്തിയാവുന്നു. വൈകിട്ട് നടക്കുന്ന ആഘോഷ പരിപാടികൾ കണ്ണൂർ കൃഷ്ണമേനോൻ സ്മാരക സർക്കാർ വനിതാ കോളേജ് പ്രിൻസിപ്പൽ കെ ടി ചന്ദ്രമോഹൻ ഉദ്ഘാടനം ചെയ്യും.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഓ. ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്..**

*******************************

**റേഡിയോ നാടകോത്സവം**

ആകാശവാണി സംഘടിപ്പിക്കുന്ന 'അഖില കേരള റേഡിയോ നാടകോത്സവം' മറ്റന്നാൾ മുതൽ ഈ മാസം 18 വരെ നടക്കും. നടൻ മോഹൻലാലും ചലച്ചിത്ര, നാടകരംഗത്തെ പ്രമുഖരും നാടകോത്സവത്തിന്റെ ഭാഗമാകും. രാത്രി 9.30-ന് നാടകങ്ങൾ പ്രക്ഷേപണം ചെയ്യും.

*******************************

**കവടിയാർ - അപകടം**

തിരുവനന്തപുരം കവടിയാറിൽ വാഹനങ്ങൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. പാലക്കാട് സ്വദേശിയായ നൗഷിജ എന്ന യുവതിയാണ് മരിച്ചത്. അപകടത്തിൽ നിരവധി പേർക്ക് പരിക്കേറ്റു. നാല് കാറും രണ്ട് ബൈക്കുമാണ് കൂട്ടിയിടിച്ചത്. കാറിന്റെ അമിത വേഗതയാണ് അപകടത്തിന് കാരണമെന്നാണ് പ്രാഥമിക വിവരം. പരിക്കേറ്റവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

*******************************

## റെയിൽവേ - റിസർവേഷൻ

രാജ്യത്ത് നവീകരിച്ച പാസഞ്ചർ റിസർവേഷൻ സംവിധാനം ഓഗസ്റ്റിൽ നിലവിൽ വരുമെന്ന് റെയിൽവേ മന്ത്രാലയം. 40 വർഷം പഴക്കമുള്ള റിസർവേഷൻ സംവിധാനമാണ് പുതിയ രീതിയിലേക്ക് മാറുന്നത്. 2002-ൽ ഇന്റർനെറ്റ് അധിഷ്ഠിത ടിക്കറ്റ് ബുക്കിങ് ആരംഭിച്ചതിനുശേഷം ഇന്ത്യൻ റെയിൽവേ പൂർണമായും ഡിജിറ്റൽ സാങ്കേതിക വിദ്യയിലേക്കു മാറി. നവീകരിച്ച സംവിധാനത്തിലേക്ക് മാറുമ്പോൾ യാത്രക്കാർക്ക് അസൗകര്യവും ഉണ്ടാകില്ലെന്ന് ഉറപ്പാക്കാൻ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

*******************************

## ചാലക്കുടി പാലം

ചാലക്കുടിപ്പുഴയ്ക്കു കുറുകെ ദേശീയപാതയിൽ തൃശൂർ ഭാഗത്തേക്കു വാഹനങ്ങൾ പോകുന്ന പാലം നാളെ മുതൽ വീണ്ടും അടച്ചിടും. ബെയറിങ്ങുകൾ മാറ്റാനാണ് 20 ദിവസത്തേക്കു പാലം അടയ്ക്കുന്നത്. ഈ ദിവസങ്ങളിൽ സമാന്തരമായി കിഴക്കു ഭാഗത്തുള്ള പാലത്തിലൂടെയായിരിക്കും ഇരു ദിശകളിലേക്കുമുള്ള ഗതാഗതം. 25 വർഷം മുൻപു മാറ്റിയ ബെയറിങ്ങാണു തേയ്മാനത്തെ തുടർന്നു ഇപ്പോൾ വീണ്ടും മാറ്റുന്നത്.

*******************************

## കണ്ണൂർ - ഹജ്ജ്

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി 1,050 തീർത്ഥാടകർ ഹജ്ജ് കർമ്മത്തിനായി പോയി. ഇന്ന് പുലർച്ചെ 3.30ന് 350 വനിതാ തീർത്ഥാടകരുമായുള്ള വിമാനം പുറപ്പെട്ടു. രാത്രി 8.05ന് മറ്റൊരു ഹജ്ജ് സർവീസുകൂടി ഉണ്ടാകും. ആകെ 4,286 യാത്രക്കാരാണ് കണ്ണൂർ വിമാനത്താവളം വഴി ഇത്തവണ ഹജ്ജിന് പോകുന്നത്.

*******************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് സ്പോർട്ടിംഗ് ഡൽഹി, ഒഡീഷ FC യെ നേരിടും. വൈകിട്ട് അഞ്ചിന് ന്യൂഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.
*******************************

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - ഡൽഹി ക്യാപിറ്റൽസിനെ നേരിടും. രാത്രി 7.30നു ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെതിരെ, ലഖ്നൗ സൂപ്പർ ജയന്റ്സ് 9 റൺസിന് വിജയിച്ചു.
*******************************

**കാലാവസ്ഥ**

കടുത്ത വേനലിൽ ആശ്വാസമായി സംസ്ഥാനത്ത് പരക്കെ മഴ. വരും ദിവസങ്ങളിലും മഴ ശക്തിപ്രാപിക്കുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. മധ്യ-തെക്കൻ കേരളത്തിലാണ് വേനൽ മഴ കൂടുതലായി ലഭിച്ചത്. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ 9 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ഇടിമിന്നലോടു കൂടിയ മഴയ്ക്കൊപ്പം മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം.
*******************************

**വയനാട്** (**ഇൻട്രോ**)

കാർഷിക ഉത്പന്നങ്ങളുടെ പ്രധാന വിളവെടുപ്പ് കാലമായതോടെ വയനാട്ടിൽ ഇവയുടെ വിപണിയും കയറ്റുമതിയും സജീവമാണ്.
**ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് തയ്യാറാക്കിയ റിപ്പോർട്ട്...**
*******************************

**അന്താരാഷ്ട്ര റെഡ് ക്രോസ് ദിനം**

ഇന്ന് അന്താരാഷ്ട്ര റെഡ് ക്രോസ് ദിനം. ഐക്യം, സന്നദ്ധപ്രവർത്തനം, പ്രതിസന്ധി ഘട്ടങ്ങളിൽ സഹായം എന്നീ മാനുഷിക ശ്രമങ്ങൾക്കു

പ്രാധാന്യം നല്കുന്നതിനായാണ് ഈ പ്രസ്ഥാനം ആരംഭിച്ചത്. റെഡ് ക്രോസ്സ് സ്ഥാപകൻ ഹെൻറി ഡുനന്റിന്റെ ജന്മദിനായ മെയ് 8 നാണു എല്ലാ വർഷവും ഈ ദിനം ആചരിക്കുന്നത്. "മാനവികതയിൽ ഐക്യം" എന്നതാണ് ഈ വർഷത്തെ പ്രമേയം.
*******************************

## ത്രിമൂർത്തി സംഗീതോത്സവം (ഇൻട്രോ)

കോഴിക്കോട് തളി സാദകം സംഗീത സഭയുടെ ത്രിമൂർത്തി സംഗീതോത്സവത്തിന് ഇന്ന് തുടക്കമാകും. വൈകീട്ട് കോഴിക്കോട് കേസരി ഭവനിലാണ് സംഗീതോത്സവം നടക്കുന്നത്.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**
*******************************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 466 പോയിന്റ് കുറഞ്ഞു 77,378 ലും, നിഫ്റ്റി 138 പോയിന്റ് നഷ്ടത്തിൽ 24,188 ലും വ്യാപാരം തുടരുന്നു. സ്വർണവില കുറഞ്ഞു. പവന് 240 രൂപ കുറഞ്ഞു ഒരു ലക്ഷത്തി 11,960 രൂപയും, ഗ്രാമിന് 13,995 രൂപയുമാണ് ഇന്നത്തെ വില.

*

**************

************************************************